**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2384** **15-10-2024 - ൽ മറുപടിയ്ക്ക്**

**പരപ്പനങ്ങാടി എൽ.ബി.എസ് ഐ.ഐ.എസ്.ടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി എൽ.ബി.എസ് ഐ.ഐ.എസ്.ടി (ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി)യ്ക്ക് സ്ഥലം ലഭ്യമാക്കുന്നതിന് ആവശ്യമായ തുക അനുവദിക്കാത്തതിനാൽ ഈ സ്ഥാപനം നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന് സ്ഥലം ലഭ്യമാക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | വിഭവലഭ്യതയുടെ അടിസ്ഥാനത്തിലാണ് ഓരോ വർഷത്തെയും പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതും വിഹിതം വകയിരുത്തുന്നതും. പുതുക്കിയ ഭരണാനുമതി നിർദ്ദേശം അനുസരിച്ച് പദ്ധതിയുടെ ആകെ ചിലവ് 186.62 കോടി രൂപയാണ്. എൽ.ബി.എസ് ഐ.ഐ.എസ്.ടി ക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും സമഗ്രമായ ഭരണാനുമതി പുറപ്പെടുവിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന് സമർപ്പിക്കുവാനുള്ള നിർദ്ദേശം 21/02/2023 – ൽ ഉന്നത വിദ്യാഭ്യാസ(ജെ)വകുപ്പിന് നൽകിയിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | (സി) | ഇതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നത് സ്റ്റേറ്റ് പ്ലാനിങ് ബോർഡാണ്. 2025-26 വർഷത്തെ ബഡ്ജറ്റിൽ പദ്ധതി ഉൾക്കൊള്ളിക്കുന്നതിന് പ്ലാനിംഗ് ബോർഡിന് പ്രൊപ്പോസൽ എൽ.ബി.എസ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | ഈ പ്രവൃത്തിക്ക് മുൻപ് 130 കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കിയതിൽ നിന്നും ഒരു കോടി രൂപ റിലീസ് ചെയ്തു നൽകിയതിൽ ബാക്കിയുള്ള 129 കോടി രൂപ അനുവദിക്കുന്നത് പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ; | (ഡി) | പുതുക്കിയ ഭരണാനുമതി നിർദ്ദേശം അനുസരിച്ച് പദ്ധതിയുടെ ആകെ ചിലവ് 186.62 കോടി രൂപയാണ്. എൽ.ബി.എസ് ഐ.ഐ.എസ്.ടി ക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും സമഗ്രമായ ഭരണാനുമതി പുറപ്പെടുവിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന് |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുവാനുള്ള നിർദ്ദേശം 21/02/2023 – ൽ ഉന്നത വിദ്യാഭ്യാസ(ജെ)വകുപ്പിന് നൽകിയിട്ടുണ്ട്. ആവശ്യമായ തുക വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പക്ഷം തുക അനുവദിക്കുന്നത് പരിഗണിക്കുന്നതാണ്. |
| (ഇ) | പ്രസ്തുത തുക അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ? | (ഇ) | വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിലാണ് വാർഷിക പദ്ധതികൾക്ക് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് തുക വകയിരുത്തുന്നത്. എൽ.ബി.എസ് ഐ.ഐ.എസ്.ടി യ്ക്ക് മതിയായ തുക വകയിരുത്തുന്ന പക്ഷം തുക അനുവദിക്കുന്നതിന് തടസ്സങ്ങൾ ഒന്നും തന്നെ ഇല്ല. |

സെക്ഷൻ ഓഫീസർ